/



ICDS/B6-4509/2020

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 11/03/2020
ഇമെയിൽ:directorate.wcd@kerala.gov.in
ഫോൺ നം. 0471-2346534

# പരിപത്രം

വിഷയം:- വനിതാ ശിശു വികസന വകുപ്പ്- ഐ.സി.ഡി.എസ്-അങ്കണവാടി പ്രീസ്കൂൾ-താൽക്കാലികമായി അവധി പ്രഖ്യാപിക്കുന്നത്- സംബന്ധിച്ച്

സൂചന:-1. 10/03/2020 ലെ മന്ത്രി സഭാ തീരുമാനം

സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കൊറോണ വൈറസ് ബാധ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് 10/03/2020 ന് കൂടിയ മന്ത്രി സഭാ യോഗത്തിൽ അങ്കണവാടി പ്രീസ്കൂൾ തലം മുതൽ ഏഴാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് 11/03/2020 മുതൽ 31/03/2020 വരെ അവധി പ്രഖ്യാപിച്ചിട്ടുണ്ട്. കൊറോണ ബാധ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനം അതീവ ജാഗ്രത പുലർത്തുന്ന ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ അങ്കണവാടികളുടെ പ്രവർത്തനം ചുവടെ ചേർക്കും പ്രകാരം ക്രമീകരിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 11/03/2020 മുതൽ 31/03/2020 വരെ അങ്കണവാടി പ്രീസ്കൂൾ കുട്ടികൾക്ക് അവധി അനുവദിക്കുന്നു. എന്നാൽ അങ്കണവാടി പ്രവർത്തകർ അങ്കണവാടികളിൽ ഹാജരാകേണ്ടതും, പ്രീസ്കൂൾ കുട്ടികൾക്കും, ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും ഫീഡിംഗ് മുടങ്ങാതിരിക്കാൻ അവർക്കുള്ള ഭക്ഷണ സാധനങ്ങൾ Take Home Ration (THR) ആയി നൽകേണ്ടതുമാണ്. ഇതിനായി, ഉച്ച ഭക്ഷണത്തിനായി അങ്കണവാടികളിൽ കരുതിയിട്ടുള്ള അരിയും മറ്റ് ഭക്ഷ്യ വസ്തുക്കളും പ്രീസ്കൂൾ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി വീതിച്ചു നൽകേണ്ടതാണ്.
2. NNM പദ്ധതിയുമായി ബന്ധപ്പെട്ടുള്ള സർവേകൾ, ദൈനംദിന ഭവന സന്ദർശനങ്ങൾ എന്നിവ തടസ്സം കൂടാതെ നടത്തേണ്ടതാണ്. കൊറോണ സ്ഥിരീകരിച്ചതോ, ഐസൊലേഷനിൽ ഉള്ളതോ ആയ കുടുംബങ്ങളിൽ , ഈ കാലയളവിൽ സർവേ ഒഴിവാക്കാവുന്നതാണ്.
3. NNM, EDD ട്രെയിനിംഗുകൾ തടസ്സം കൂടാതെ നടത്തേണ്ടതാണ്.
4. അങ്കണവാടികളിൽ പൊതുജന പങ്കാളിത്തത്തോടെ നടക്കുന്ന പരിപാടികൾ എല്ലാം ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ നിർത്തിവക്കേണ്ടതാണ്.

5. അങ്കണവാടി ട്രെയിനിംഗ് സെന്ററുകൾ മുഖാന്തിരം നിലവിൽ നടന്നു വരുന്ന പരിശീലനങ്ങൾ തുടരേണ്ടതും, പുതിയ ബാച്ചുകൾക്കുള്ള പരിശീലനങ്ങൾ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ നിർത്തിവക്കേണ്ടതാണ്.

പ്രസ്തുത കാര്യങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ബന്ധപ്പെട്ട സൂപ്പർവൈസർ, സി.ഡി.പി.ഒ എന്നീ ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

വനിതാ ശിശു വികസന ഡയറക്ടർക്ക് വേണ്ടി

1. എല്ലാ ജില്ലാ വനിതാ ശിശു ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ സി.ഡി.പി.ഒ മാർക്കും
4. എല്ലാ സൂപ്പർവൈസർമാർക്കും
5. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്